"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വേങ്ങൂർ മാർ കൗമ ഹയർ സെക്കൻഡറി സ്കൂളിലെ മാനേജർ ശ്രീ ജോഷി കെ വർഗീസ്, എഫ് ടി എം ശ്രീമതി അന്ന പി. വർഗീസ് എന്നിവർ ഫയൽ ചെയ്ത 39599/2025 നമ്പർ റിട്ട് പെറ്റീഷനിൽ 24/10/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3717/2026/GEDN തീയതി,തിരുവനന്തപുരം, 02-06-2026

---

പരാമർശം:-
1. പെറ്റീഷണരുടെ 30.09.2025 ലെ റിവിഷൻ ഹർജി. (Ext. P6)
2. റിട്ട് ഹർജി നം. 39599/2025 നമ്പർ റിട്ട് പെറ്റീഷനിൽ 24/10/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02.03.2026 തീയതിയിലെ RA2/23314/2025/DGE നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വേങ്ങൂർ മാർ കൗമ ഹയർ സെക്കൻഡറി സ്കൂളിലെ മാനേജർ ശ്രീ ജോഷി കെ വർഗീസ്, എഫ് ടി എം ശ്രീമതി അന്ന പി. വർഗീസ് എന്നിവർ ഫയൽ ചെയ്ത 39599/2025 നമ്പർ റിട്ട് ഹർജിയിന്മേലുള്ള 24/10/2025 ലെ പരാമർശം (2) വിധിന്യായ പ്രകാരം, ഹർജിക്കാരൻ സമർപ്പിച്ചിട്ടുള്ള എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിൽ ഹർജിക്കാരനെ കേട്ട് വിധി പകർപ്പ് കിട്ടി മൂന്ന് മാസത്തിനുള്ളിൽ തീരുമാനമെടുക്കുന്നതിന് സർക്കാരിന് നിർദ്ദേശം നൽകുകയും, രണ്ടാമത്തെ ഹർജിക്കാരനെ റിവിഷൻ ഹർജി തീർപ്പാക്കുന്നതുവരെ സ്വന്തം ഉത്തരവാദിത്തത്തിൽ എഫ്ടിഎമ്മായി തുടരാൻ അനുവദിക്കുകയും ചെയ്തിരുന്നു.

2. സ്റ്റാഫ് ഫിക്സേഷൻ ഉത്തരവ് പ്രകാരം 2025 - 26 അധ്യയന വർഷത്തിൽ ടി സ്കൂളിലെ രണ്ടാമത്തെ എഫ്.ടി.എം തസ്തിക റദ്ദാക്കപ്പെട്ടിരുന്നു. ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കൻഡറി വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ സംയോജിത എണ്ണം കണക്കാക്കി, ആയത് പരിഗണിച്ച്, നഷ്ടപ്പെട്ട രണ്ടാമത്തെ എഫ്.ടി.എം തസ്തിക പുനഃസ്ഥാപിച്ച് നല്കണമെന്നാവശ്യപ്പെട്ടാണ് പരാമർശം (1) റിവിഷൻ ഹർജി സമർപ്പിച്ചിരുന്നത്.

3. ടി വിധിന്യായം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. വേങ്ങൂർ മാർ കൗമ ഹയർ സെക്കൻഡറി സ്കൂളിൽ 2025-26 അധ്യയന വർഷത്തിൽ ആറാം സാധ്യായ ദിനപ്രകാരം 5 മുതൽ 10 വരെ ക്ലാസുകളിലായി 663 വാലിഡ് യു ഐ ഡി യുള്ള കുട്ടികൾ ആണ് പഠിച്ചിരുന്നത്. 2024-25

വർഷത്തിൽ ടി സ്കൂളിൽ 709 കുട്ടികൾ ഉണ്ടായിരുന്നതിന്റെ അടിസ്ഥാനത്തിൽ രണ്ട് എഫ് ടി എം പോസ്റ്റുകൾ അനുവദിച്ചിരുന്നു. ടി 2 തസ്തികകളിലും നിയമനാംഗീകാരത്തോടെ 2 പേർ നിലനിന്നിരുന്നു. എന്നാൽ 2025-26 അധ്യയന വർഷത്തിൽ ആകെ കുട്ടികളുടെ എണ്ണം 700ൽ താഴെ ആയതിനാൽ ഒരു എഫ് ടി എം തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായി. മേൽ സാഹചര്യത്തിൽ എഫ് ടി എം തസ്തികയിൽ ജൂനിയർ ആയ ശ്രീമതി അനു പി. വർഗീസ് തസ്തിക നഷ്ടപ്പെട്ട് പുറത്താകുകയുണ്ടായി.

2019-20 വർഷത്തിൽ അനുവദിച്ച അധിക എഫ് ടി എം തസ്തികയിൽ 15/07/2019 മുതലാണ് ശ്രീമതി അനു പി വർഗീസിനെ നിയമിച്ചിരുന്നത്. ശ്രീമതി അനു പി വർഗീസിന്റെ നിയമനം 06/02/2021 ലെ സർക്കാർ ഉത്തരവ് നമ്പർ 04/2021/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ആണ് അംഗീകരിച്ചു നൽകിയിരിക്കുന്നത്. ശ്രീമതി അനു പി വർഗീസ് സംരക്ഷണാനുകൂല്യത്തിന് അർഹയല്ല. ആയതിനാലാണ് ടിയാൾ സംരക്ഷണാനുകൂല്യം ഇല്ലാതെ പുറത്തായിട്ടുള്ളത് എന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരിക്കുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കെ.ഇ.ആർ അധ്യായം XXIV A Rule I പ്രകാരം 700-ൽ താഴെ എണ്ണം കുട്ടികളുള്ള സ്കൂളുകളിൽ ഒരു എഫ് ടി എം തസ്തിക മാത്രമേ അനുവദിക്കുവാൻ കഴിയൂ. സ്കൂൾ ഏകീകരണം പൂർത്തിയാകാത്തതിനാൽ, ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കൻഡറി വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ സംയോജിത എണ്ണം കണക്കാക്കി, ആയത് പരിഗണിച്ച്, നഷ്ടപ്പെട്ട എഫ്.ടി.എമ്മിന്റെ രണ്ടാമത്തെ തസ്തിക പുനഃസ്ഥാപിച്ച് നല്കണമെന്ന ആവശ്യം പരിഗണിക്കാനാകില്ല. മേൽ സാഹചര്യത്തിൽ, ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർ സെക്കൻഡറി വിഭാഗത്തിലെയും വിദ്യാർത്ഥികളുടെ സംയോജിത എണ്ണം കണക്കാക്കി, ആയത് പരിഗണിച്ച്, നഷ്ടപ്പെട്ട രണ്ടാമത്തെ എഫ്.ടി.എം തസ്തിക പുനഃസ്ഥാപിച്ച് നല്കണമെന്ന റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച് അപ്രകാരം 39599/2025 നമ്പർ റിട്ട് ഹർജിയിന്മേൽ 24/10/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി).
മാനേജർ, മാർ കൗമ ഹയർ സെക്കൻഡറി സ്കൂൾ, വേങ്ങൂർ, എറണാകുളം.
ശ്രീമതി അനു പി. വർഗീസ്, എഫ് ടി എം, മാർ കൗമ ഹയർ സെക്കൻഡറി സ്കൂൾ , വേങ്ങൂർ, എറണാകുളം.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി. (S2/192/2025-G.EDN)

ഉത്തരവിൻ പ്രകാരം

**Signed by Resmi Babu**

**Date: 03-06-2026 09:18:05**

സെക്ഷൻ ഓഫീസർ